വ്യക്തിപരമായ വിശദീകരണം

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഈ വിഷയം ക്രമപ്രശ്നമായാണ് ഇവിടെ കൊണ്ടുവന്നത്. അതിൽ വ്യക്തിപരമായുള്ള ആക്ഷേപങ്ങൾ ഉണ്ടായി. സ്വാഭാവികമായും അതിന് മറുപടി പറയാൻ ഞാൻ ബാധ്യസ്ഥനാണ്. 19-10-2016-ലെ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളുടെ ഭാഗത്തുനിന്നുവന്ന നക്ഷത്രചിഹ്നമിട്ട 362-ാം നമ്പർ ചോദ്യത്തിന് ബഹുമാനപ്പെട്ട എൻ. ഷംസുദ്ദീൻ എം.എൽ.എ.-യുടെ ഉപചോദ്യത്തിനായിരുന്നു ഞാൻ മറുപടി പറഞ്ഞത്. പ്രത്യേകമായ എന്തെങ്കിലും രൂപത്തിലുള്ള പ്രതിഷേധം അന്ന് സഭയിൽ ഉണ്ടായിരുന്നില്ല..........(ബഹളം)..............

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയട്ടെ. നിങ്ങൾ ഇരിക്കൂ...... അദ്ദേഹം വിശദീകരണം പറഞ്ഞ് പൂർത്തീകരിച്ചില്ല ....(ബഹളം)........... മറ്റുള്ളവർ സംസാരിക്കുമ്പോൾ നിശ്ശബ്ദരായിരിക്കണമെന്ന് എപ്പോഴും വാദിക്കുന്നവരും ധാർമികരോഷം കൊള്ളുന്നവരുമാണ് നിങ്ങൾ. ആ പറയുന്നത് നിങ്ങൾക്ക് ബാധകമല്ലേ?

ശ്രീ. എ. കെ. ബാലൻ: സർ, ഉപചോദ്യത്തിന്റെ ഭാഗമായി ചില പരാമർശങ്ങൾ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ആ സമയത്ത് ഉണ്ടായി എന്നുള്ളത് സത്യമാണ്. ഞാൻ അതിന് മറുപടി നൽകിയതോടുകൂടി ആ പ്രശ്നം അവസാനിക്കുകയും ചെയ്തു. 20-ാം തീയതി സഭ ചേർന്നപ്പോൾ ഒരു പ്രശ്നവും ഉണ്ടായിരുന്നില്ല. ഇതുസംബന്ധിച്ച് 21-ാം തീയതിയിലെ പത്രത്തിൽ വാർത്ത ഉണ്ടായിരുന്നില്ല, 22-ാം തീയതിയിലെ പത്രത്തിലാണ് ഈ പ്രശ്നം വാർത്തയായി വരുന്നത്. ....(ബഹളം).........

മി. സ്പീക്കർ: ....പ്ലീസ്........... നിങ്ങൾക്ക് എന്തും ആകാമെന്നുള്ളതാണോ? ബഹുമാനപ്പെട്ട മന്ത്രി വ്യക്തിപരമായ വിശദീകരണം നടത്തിക്കൊണ്ടിരിക്കുകയാണ്. അത് കേൾക്കാനുള്ള സഹിഷ്ണുത നിങ്ങൾക്കില്ലേ? ....(ബഹളം)........ മന്ത്രി വ്യക്തിപരമായ വിശദീകരണം നടത്തിക്കൊണ്ടിരിക്കുന്ന വേളയിൽ പോയിന്റ് ഓഫ് ഓർഡർ ഇല്ല. മന്ത്രി പറഞ്ഞതിനുശേഷം അനുവദിക്കാം.

ശ്രീ. എ. കെ. ബാലൻ: സർ, 19-ാം തീയതി നടന്ന ഒരു സംഭവവുമായി ബന്ധപ്പെട്ട് ഇന്നാണ് ക്രമപ്രശ്നമായി വരുന്നത്. സ്വാഭാവികമായും ഞാൻ അതിന് മറുപടി പറയാൻ ബാധ്യസ്ഥനാണ്. എനിക്ക് പറയാനുള്ള മറുപടി

ബഹുമാനപ്പെട്ട പ്രതിപക്ഷ അംഗങ്ങൾ കേൾക്കണം. ഉപചോദ്യവുമായി ബന്ധപ്പെട്ടുകൊണ്ട് ഏതെങ്കിലും രൂപത്തിൽ, ഏതെങ്കിലും വിഭാഗത്തെ അപമാനിക്കുന്ന രൂപത്തിൽ എന്തെങ്കിലും പരാമർശം എന്റെ ഭാഗത്തുനിന്ന് വന്നിട്ടുണ്ടോ എന്നുള്ളത് ബഹുമാനപ്പെട്ട സ്പീക്കർ പരിശോധിക്കണം. എന്റെ മറുപടി ഇവിടെ കേട്ടിട്ടുണ്ടാകും, അതിന്റെ സി.ഡി.-യും ഉണ്ടാകും. അത് കാണുകയും കേൾക്കുകയും ചെയ്തശേഷം ബഹുമാനപ്പെട്ട സ്പീക്കർക്ക് പരിശോധിച്ച് തീരുമാനിക്കാം. ....(ബഹളം)..........

മി. സ്പീക്കർ: മന്ത്രിയുടെ മറുപടിയെ പൂർത്തീകരിക്കാൻ നിങ്ങൾ അനുവദിക്കു........(ബഹളം) .... ദയവായി സീറ്റിലിരിക്കു.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ സംസാരിച്ചുകഴിഞ്ഞാൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് സംസാരിക്കാവുന്നതാണ്. ഉപചോദ്യവുമായി ബന്ധപ്പെട്ടുകൊണ്ട് എന്തെങ്കിലും രൂപത്തിലുള്ള പരാമർശമുണ്ടോ എന്നുള്ളത് പ്രതിപക്ഷ നേതാവിന്റെ സാന്നിദ്ധ്യത്തിൽ സ്പീക്കർക്ക് പരിശോധിക്കാവുന്നതാണ്. അതിനുശേഷം ഏതെങ്കിലും രൂപത്തിലുള്ള തെറ്റുണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്വം ഞാൻ ഏറ്റെടുക്കുന്നു. ആ തെറ്റ് ഉണ്ടോ എന്നുള്ളത് ബഹുമാനപ്പെട്ട സ്പീക്കർ പരിശോധിക്കണം.

ഉപചോദ്യവുമായി ബന്ധപ്പെട്ടുകൊണ്ട് എണ്ണത്തിന്റെയും പ്രസവത്തിന്റെയും പ്രശ്നങ്ങൾ പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് ഇവിടെ ആക്ഷേപമുണ്ടായത്. ഇന്ത്യാരാജ്യത്ത്, നമ്മുടെ ആരോഗ്യരംഗം വളരെ മുൻപന്തിയിൽ നിൽക്കുകയാണെന്ന് ഇതിന്റെ ഭാഗമായി ഞാൻ പറയുകയുണ്ടായി. ആയിരം പ്രസവത്തിന് ഇന്ത്യാരാജ്യത്ത് 44 എണ്ണമാണ് മരണപ്പെടുന്നത്, അതാണ് ഞാൻ എണ്ണം പറഞ്ഞത്, അത് നമ്പറാണ്. കേരളത്തിലാണെങ്കിൽ അത് 12 എണ്ണമാണ്. അത് ഏതെങ്കിലും ഗവൺമെന്റിന്റെ നേട്ടമല്ല. അപ്പുറത്തും ഇപ്പുറത്തും അതിനുള്ള അവകാശമുണ്ട്, അഭിമാനിക്കാൻ വകയുണ്ട്. എന്നാൽ അട്ടപ്പാടി മേഖലയിൽ 13 മുതൽ 31 എണ്ണമായിരുന്നു മരിച്ചത്. ഞാൻ എണ്ണം എന്നുതന്നെയാണ് അന്ന് പറഞ്ഞത്. മരണനിരക്ക് സ്റ്റേറ്റ് ആവറേജിനേക്കാൾ കൂടുതലാണ്, സ്റ്റേറ്റ് ആവറേജ് 12 ആണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പോഷകാഹാരം ഉറപ്പുവരുത്തി, മരണനിരക്ക് കുറഞ്ഞു. നാലെണ്ണം എന്നുതന്നെയാണ് പറഞ്ഞത്. ഇല്ലാന്ന് ഞാൻ പറയുന്നില്ല. നാലെണ്ണമാണ് മരണപ്പെട്ടത്. യഥാർത്ഥത്തിൽ മരണനിരക്ക് സംസ്ഥാന ആവറേജിനെക്കാൾ കുറവാണ്. സ്റ്റേറ്റ് ആവറേജിനെക്കാൾ കുറവ് എന്ന് പറയുമ്പോൾ ശതമാനത്തിന്റെ കണക്കല്ല. ....(ബഹളം).........

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയെ പൂർത്തീകരിക്കാൻ അനുവദിക്കു. ....(ബഹളം).........

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇങ്ങനെ സഭ നടത്തിക്കൊണ്ട് പോകാൻ സാധിക്കുമോ; ഒരു പക്ഷത്തിന് എന്തും ആകാമെന്നാണോ? പ്രതിപക്ഷം പ്രശ്നം ഉന്നയിച്ചു, ബഹുമാനപ്പെട്ട മന്ത്രി വ്യക്തിപരമായ വിശദീകരണം നൽകുന്നു. ആ വിശദീകരണത്തിന് ഓരോ ഘട്ടത്തിലും ഇടപെട്ട് ബഹളം വയ്ക്കുക എന്നുള്ളതാണോ സാധാരണ രീതി?

മി. സ്പീക്കർ: അത് ശരിയല്ല.

ശ്രീ. പിണറായി വിജയൻ: സർ, ഒരു സഭയ്ക്ക് സാധാരണ നിരക്കുന്ന കാര്യമാണോ; എന്താണ് ഈ കാണുന്നത്?

മി. സ്പീക്കർ: ദയവായി വ്യക്തിപരമായ വിശദീകരണം കേൾക്കാനുള്ള മര്യാദ നിങ്ങൾ കാണിക്കണം. ബഹുമാനപ്പെട്ട മന്ത്രി എന്താണ് പറയുന്നത് എന്ന് ശ്രീ. എൻ. ഷംസുദ്ദീൻ കേൾക്കു. അദ്ദേഹം എന്ത് പറയണമെന്ന് നിങ്ങൾ തീരുമാനിച്ചിട്ടുണ്ടോ? അദ്ദേഹം പറയട്ടെ.

ശ്രീ. എ. കെ. ബാലൻ: സർ, ശിശുമരണനിരക്ക് കുറച്ചുകൊണ്ടുവരുന്നതിൽ അപ്പുറത്തുനിന്നും ഇപ്പുറത്തുനിന്നും സംഭാവന

ചെയ്തിട്ടുണ്ട് എന്ന എന്റെ വാചകം ഞാൻ മൂന്നപ്രാവശ്യം പറഞ്ഞതാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ശിശുമരണ നിരക്ക് പെട്ടെന്ന് കുറച്ചുവെന്നല്ല ഞാൻ പറഞ്ഞത്. കേരളത്തിന് അഭിമാനിക്കാൻ പറ്റാവുന്ന ഒരു സ്ഥിതി ഇപ്പോഴുണ്ടായി. പ്രത്യേകിച്ച് ആദിവാസി മേഖലയിൽ സ്റ്റേറ്റ് ആവറേജിനെക്കാളും മരണനിരക്ക് കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞു .... (ബഹളം).....

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്.... വളരെ ബോധപൂർവ്വം സഭയിൽ തടസ്സമുണ്ടാക്കാനുള്ള ശ്രമമാണ്. പ്ലീസ്......പ്ലീസ്........ ശ്രീ. കെ. രാജൻ ഇരിക്കു. ....(ബഹളം)..... ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ് അവസാനിപ്പിക്കു.

ശ്രീ. സി. കെ. നാണു: മന്ത്രിക്ക് പറയാനുള്ള അവസരം കൊടുക്കണം.

ശ്രീ. എ. കെ. ബാലൻ: സർ, ഗവൺമെന്റുകൾ മാറിമാറിവന്ന സമയത്താണ് അട്ടപ്പാടിമേഖലയിൽ ആദിവാസി കുട്ടികളുടെ മരണനിരക്ക് സ്റ്റേറ്റ് ആവറേജിനെക്കാൾ കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞത്. ആ സമയത്ത് ഞാൻ എണ്ണം എന്നുതന്നെയാണ് പറഞ്ഞത്. കാരണം ഇത് ശതമാനമല്ല, ആയിരത്തിലാണ്, നമ്പർ എന്നാണ് പറയുന്നത്. അതുകൊണ്ടാണ് ഞാൻ എണ്ണം എന്ന് പറഞ്ഞത്. അത് ആരേയും അപമാനിക്കാനുള്ളതല്ല, അത്

അങ്ങനെയേ പറയാൻ പറ്റുകയുള്ളൂ എന്നുള്ളതുകൊണ്ടാണ് ഞാൻ ഫെയ്സ് ബുക്കിൽ അത്തരത്തിൽ ഒരു പോസ്റ്റ് ഇട്ടത്. അട്ടപ്പാടി മേഖലയിൽ നാല് മരണമുണ്ടായി എന്നുള്ളത് ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് അറിയാവുന്നതാണ്. ഞാൻ ആ മരണവീടുകളിൽ സന്ദർശനം നടത്തിയ ഒരാളാണ്. ഈ കഴിഞ്ഞ ഓണത്തിന് ഞാനും എന്റെ കുടുംബവും ആദിവാസി മേഖലയിലെ ഏറ്റവും റിമോട്ടായിട്ടുള്ള ഒരു ആദിവാസി ഊരിൽപോയാണ് ഭക്ഷണം കഴിച്ചത്. അന്ന് എന്റെ കൂടെ ബഹുമാനപ്പെട്ട എം.എൽ.എ.-യും ഉണ്ടായിരുന്നു. ഏതെങ്കിലും രൂപത്തിലുള്ള, എന്തെങ്കിലും പ്രശ്നം ആദിവാസി മേഖലയിലുണ്ടെങ്കിൽ എന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് ഞാൻ സ്ഥലം എം.എൽ.എ.-യോട് പറയുകയുണ്ടായി. അവിടെ ഒരു പ്രശ്നവുമില്ല, നല്ല രൂപത്തിലാണ് ഇപ്പോൾ പോകുന്നതെന്ന് അദ്ദേഹം പറയുകയും ചെയ്തു. മരണമടഞ്ഞവരുടെ വീടുകളിൽ ഞാൻ സന്ദർശനം നടത്തണമോ എന്ന് ചോദിച്ചപ്പോൾ സന്ദർശനം നടത്തേണ്ട, പോഷകാഹാരക്കുറവിന്റെ ഭാഗമായൊന്നും അല്ലല്ലോ എന്നാണ് അദ്ദേഹം പറഞ്ഞത്. മന്ത്രി ഇവിടെ വന്നു, ഇനി അവിടെ പോകേണ്ട കാര്യമില്ല എന്ന് പറഞ്ഞു. എന്നിട്ടും ഞാൻ അവിടെ സന്ദർശനം നടത്തി.

പതിമൂന്ന് വയസ്സുള്ള ഒരു കുട്ടിയാണ് മരണപ്പെട്ടത്. പനിയും ശ്വാസംമുട്ടലും വയറുവേദനയും ഇൻഫെക്ഷനും ബാധിച്ചാണ് ആ കുട്ടി മരിച്ചത്. ഓണത്തിന് മണികണ്ഠന്റെ വീട്ടിൽ ഞാൻ പോയിരുന്നു. ആ കുട്ടിയുടെ മരണം പോഷകാഹാരക്കുറവിന്റെ ഭാഗമായിരുന്നില്ല. അവിടെ നടന്ന ഒരു മരണം അബോർഷന്റെ ഭാഗമായും മറ്റൊന്ന് വാൽവ് തകരാറിന്റെയും ഒരെണ്ണം premature death-ഉം ആയിരുന്നു. അത് ഈ ഗവൺമെന്റിന്റെ കുറവല്ലേ എന്ന് ബഹുമാനപ്പെട്ട എം.എൽ.എ. സപ്ലിമെന്ററി ചോദ്യം ചോദിച്ചപ്പോഴാണ് ഞാൻ പറഞ്ഞത് ഇതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള മാതാക്കൾ ഗർഭം ധരിച്ചത് എൽ.ഡി.എഫ്-ന്റെ കാലഘട്ടത്തിലല്ല, യു.ഡി.എഫ്-ന്റെ കാലഘട്ടത്തിലാണ് എന്ന്. കാരണം അതൊരു യാഥാർത്ഥ്യമാണ്. ....(ബഹളം)........ അതല്ലാതെ വേറൊന്നും പറയാൻ കഴിയില്ല, വസ്തുതയാണ് പറഞ്ഞത്. ഏഴ് മാസം മുമ്പ് പ്രഗ്നന്റായതാണ്. അതാണ് ഞാൻ പറഞ്ഞത്. ....(ബഹളം).......

മി. സ്പീക്കർ: പ്ലീസ്... പ്ലീസ് .... അങ്ങ് പറഞ്ഞ് അവസാനിപ്പിക്കണം.

ശ്രീ. എ. കെ. ബാലൻ: സർ, അധഃസ്ഥിത വിഭാഗത്തിലെ ഒരു കുടുംബത്തിൽനിന്ന് വരുന്ന അംഗമെന്ന നിലയിൽ ഞാൻ അവരുടെ ഭാഗത്തേ നിന്നിട്ടുള്ളൂ. അങ്ങേയ്ക്കറിയാമല്ലോ, ഞാൻ മന്ത്രിയായിരിക്കുന്ന സമയത്ത് ഞാൻ

പോയിട്ടുള്ള ഊരുകളിലൊന്നും ഇവരാരും പോയിട്ടില്ല. ഞാൻ അവർ തന്ന പായിൽ കിടന്ന് അവരുടെ കൂടെ ഭക്ഷണം കഴിച്ചു. 25000 ആദിവാസി കുടുംബങ്ങൾക്ക് കേന്ദ്ര വനാവകാശ നിയമപ്രകാരം 31000 ഏക്കർ ഭൂമി കൊടുത്തത് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിലായിരുന്നു. .....(ബഹളം)..... ജോഗിയെ വെടിവച്ചുകൊന്നിട്ട് ആ വീട്ടിൽ ഇവരാരും പോയിരുന്നില്ല. ജോഗിയുടെ കുടുംബത്തിന് ജോലി കൊടുത്തതും സാമ്പത്തിക സഹായം ചെയ്തുകൊടുത്തതും എൽ.ഡി.എഫ്-ന്റെ കാലത്തായിരുന്നു. ആ പാവപ്പെട്ട ജനങ്ങളെ മറന്നുകൊണ്ട് എന്റെ ജീവിതത്തിലോ പ്രവർത്തനത്തിലോ ഒരു കുറവുമുണ്ടാകില്ലെന്ന് ആ പാവങ്ങൾക്കറിയാം. അത് എന്നോടൊപ്പം ആദിവാസി മേഖലയിൽ വന്നാൽ ഇവർക്ക് മനസ്സിലാകും. തെറ്റിദ്ധരിപ്പിക്കരുത്, കരളെടുത്ത് കാട്ടിയാലും അത് ചെമ്പരത്തിപ്പൂവാണെന്ന് പറയരുത്. ഇവിടെയുണ്ടായ പ്രശ്നം, ഇത് ഫെയ്സ്ബുക്കിൽ ചില മാധ്യമങ്ങൾ പോസ്റ്റ് ചെയ്തു. ഇതിനുപിന്നിൽ അവർക്ക് ചില ഉദ്ദേശങ്ങളുണ്ട്. അത് പിന്നീട് ബോദ്ധ്യപ്പെടും. അത് ഞാൻ ഇപ്പോൾ പറയുന്നില്ല. കേരളത്തിലെ മുഖ്യധാരാ പത്രങ്ങളിലോ ദൃശ്യമാധ്യമങ്ങളിലോ ഇങ്ങനെയൊരു വാർത്ത വന്നില്ല. ഒന്ന് രണ്ട് സ്ഥലത്തുനിന്ന് ഇതിന്റെ പരാമർശം വന്നു, പിന്നീടത് ഏറ്റുപിടിച്ചു.

ഇതിന്റെ ഭാഗമായി ഞാൻ ഫെയ്സ്ബുക്കിൽ പോസ്റ്റ് ചെയ്ത കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ പരിശോധിക്കണം. ഞാൻ ആരെയും അപമാനിച്ചിട്ടില്ല, ഞാൻ അത്തരം സ്വഭാവക്കാരനുമല്ല. ഇത് തെറ്റായ രൂപത്തിൽ വ്യാഖാനിക്കുകയാണ്. ഇങ്ങനെ വ്യാഖ്യാനിച്ച് ഈ ഗവൺമെന്റിന്റെയും ഈ വകുപ്പിന്റെയും ഇമേജ് ഇല്ലാതാക്കാനാണ് ശ്രമമെങ്കിൽ, അട്ടപ്പാടി ആദിവാസി മേഖലയിലുള്ള ഈ ഗവൺമെന്റിന്റെയും എന്റെയും ഇടപെടൽ ഇല്ലാതാക്കാൻ ആര് വിചാരിച്ചാലും കഴിയില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ...

മി. സ്പീക്കർ: ചട്ടം 258 അനുസരിച്ചുള്ള പ്രസ്താവനയ്ക്ക് ചർച്ചയില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇത് വളരെ ഗൗരവമായ കാര്യമാണ്. സഭയിൽ സാംസ്കാരിക വകുപ്പിന്റെകൂടി ചുമതലയുള്ള മന്ത്രി ശ്രീ. എ. കെ. ബാലൻ തന്റെ നാവ് പിഴവിന് മാപ്പ് ചോദിക്കുകയാണ് വേണ്ടത്. ആദിവാസി സമൂഹത്തോട് അദ്ദേഹത്തിന് സ്നേഹമുണ്ടോ ഇല്ലയോ എന്നത് വേറെ കാര്യമാണ്. അദ്ദേഹം പോയതുപോലെ ആദിവാസി ഊരുകളിൽ പോയി താമസിച്ചിട്ടുള്ള ആളാണ് ഞാനും. അട്ടപ്പാടി ആദിവാസി മേഖലയിൽ മൂന്ന് നാല് തവണ ഞാനും പോയി താമസിക്കുകയും

അവരോടൊപ്പം ഭക്ഷണം കഴിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ ആദിവാസി സമൂഹത്തെക്കുറിച്ചുള്ള ചോദ്യത്തിന് മറുപടിയായി അദ്ദേഹം ഇവിടെ പറഞ്ഞ കാര്യത്തെപ്പറ്റിയാണ് ഇവിടെ പ്രശ്നമുള്ളത്. അല്ലാതെ ഈ ഗവൺമെന്റ് ചെയ്യുന്ന നടപടികളോടല്ല. ഭരണപക്ഷത്തായാലും പ്രതിപക്ഷത്തായാലും ആദിവാസികൾക്കുവേണ്ടി ഗവൺമെന്റ് പരിപാടികൾ പ്രഖ്യാപിക്കുകയും നടപ്പാക്കുകയും ചെയ്യും. അവരുടെ ജീവിത നിലവാരം മെച്ചപ്പെട്ടിട്ടുമുണ്ട്. അത് എല്ലാ ഗവൺമെന്റും ചെയ്യുന്ന കാര്യങ്ങളാണ്. പക്ഷേ ഇവിടെ സാംസ്കാരിക വകുപ്പിന്റെകൂടി ചുമതല വഹിക്കുന്ന മന്ത്രി നടത്തിയ രണ്ട് പരാമർശങ്ങളും ദൗർഭാഗ്യകരമാണ്. അത് പിൻവലിക്കാൻ മന്ത്രി തയ്യാറാവുകയാണ് വേണ്ടത്. അദ്ദേഹമതിന് മാപ്പ് ചോദിക്കുകയാണ് വേണ്ടത്. ..... (ബഹളം)......

<u>മി. സ്പീക്കർ</u>: പ്ലീസ് .... പ്ലീസ് ..... ബഹുമാനപ്പെട്ട മന്ത്രിക്ക് യാതൊരു തരത്തിലുമുള്ള ദുരുദ്ദേശവുമില്ല എന്നും ഒരു സമൂഹത്തെയും ആക്ഷേപിക്കാൻ അദ്ദേഹം ലക്ഷ്യം വച്ചിട്ടില്ലെന്നും പറഞ്ഞ സ്ഥിതിക്ക് അത് മനസ്സിലാക്കി ഈ വിഷയം അവസാനിപ്പിക്കണം. ..... (ബഹളം)...... എന്താണ്? .... ചെയർ സംസാരിക്കുകയാണ്. .... നിങ്ങൾ സീറ്റുകളിൽ ഇരുന്നാൽ മാത്രമേ അദ്ദേഹത്തിന് മൈക്ക് ലഭിക്കുകയുള്ളൂ.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇവിടെ മന്ത്രിയുടെയോ ഗവൺമെന്റിന്റെയോ ആദിവാസി മേഖലയിലുള്ള പ്രവർത്തനങ്ങളെക്കുറിച്ചല്ല ഞങ്ങൾ പറഞ്ഞത്. അദ്ദേഹം തെറ്റിദ്ധരിപ്പിക്കുകയാണ്. ഏത് ഗവൺമെന്റ് ഭരിച്ചാലും ആദിവാസി മേഖലയിൽ ക്ഷേമപ്രവർത്തനങ്ങൾ നടത്തും എന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. ശ്രീ. എ. കെ. ബാലൻ കൂടുതൽ ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നത് സന്തോഷമുള്ള കാര്യമാണ്. പക്ഷേ ഈ നിയമസഭയിൽ അദ്ദേഹം നടത്തിയ രണ്ട് പരാമർശങ്ങൾ ഒന്ന്, എണ്ണത്തെപ്പറ്റിയും രണ്ട് ഗർഭത്തെപ്പറ്റിയുമാണ്. ഈ രണ്ട് പരാമർശങ്ങൾ ഒരു സാംസ്കാരിക വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകാൻ പാടില്ലാത്തതാണ്. അതുകൊണ്ട് അദ്ദേഹമിത് പിൻവലിക്കണം. നാവ് പിഴവ് വന്നത് ഞാൻ പിൻവലിച്ചു എന്ന് പറയുന്നതിൽ എന്താണ് തെറ്റ്. ഇക്കാര്യത്തിൽ പ്രതിഷേധം ഉയർന്നുവന്നിട്ടുള്ളത് ആദിവാസി മേഖലയിൽനിന്നുതന്നെയാണ്. ഞങ്ങളന്ന് ഇവിടെ പ്രതിഷേധിച്ചില്ല എന്ന് അദ്ദേഹം പറഞ്ഞത് ശരിയല്ല. എല്ലാ മുഖ്യധാരാ മാധ്യമങ്ങളിലും സോഷ്യൽ മീഡിയയിലുമെല്ലാം ഇത് വലിയ ചർച്ചാ വിഷയമായിട്ടുണ്ട്. ശ്രീ. എ. കെ. ബാലന് അദ്ദേഹത്തിന്റെ പരാമർശത്തിൽ തെറ്റുണ്ടെങ്കിൽ അത്

പിൻവലിക്കുന്നതിൽ ദുരഭിമാനം എന്തിനാണ്.

<u>മി. സ്പീക്കർ</u>: അങ്ങ് ദയവായി ശ്രദ്ധിക്കു. ചട്ടം 307 പ്രകാരം ശ്രീ. പി. ടി. തോമസ് സഭാരേഖകളിൽനിന്ന് നീക്കം ചെയ്യേണ്ടതുമായി ബന്ധപ്പെട്ട ഒരു കാര്യം സഭയിൽ ഉന്നയിച്ചു. അത് പരിശോധിച്ച് നിലപാട് സ്വീകരിക്കാമെന്ന് ചെയർ അറിയിച്ചു. ചട്ടം 288 പ്രകാരം അദ്ദേഹം വ്യക്തിപരമായ വിശദീകരണം നൽകി. വ്യക്തിപരമായ വിശദീകരണത്തിന് ചർച്ചയില്ല. പിന്നെ എന്തിനാണ് സഭ ഇങ്ങനെ നീട്ടിക്കൊണ്ടുപോകുന്ന രീതിയിൽ ഇടപെട്ടുകൊണ്ടിരിക്കുന്നത്. സഭാ നടത്തിപ്പിലെ നടപടിക്രമത്തെ സംബന്ധിച്ച് അങ്ങേയ്ക്ക് ധാരണയില്ലേ? മന്ത്രി എന്ത് പറയണമെന്ന് ചെയറിന് റൂൾ ചെയ്യാൻ സാധിക്കുമോ? ചട്ടം 307 സഭാനടപടികളിൽനിന്ന് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട ആവശ്യമാണ്. അത് അദ്ദേഹം ഉന്നയിച്ചു. അത് പരിശോധിച്ച് പറയാമെന്ന് പറയുകയും ചെയ്തു. പിന്നെ ഇത് നീട്ടിക്കൊണ്ടുപോകുന്നതിൽ എന്ത് അർത്ഥമാണുള്ളത്? മാത്രമല്ല അദ്ദേഹത്തിന് യാതൊരു ദുരുദ്ദേശവും ഉണ്ടായിരുന്നില്ല. ഒരു സമൂഹത്തെയും ആക്ഷേപിക്കാൻ അദ്ദേഹം ലക്ഷ്യം വച്ചിട്ടില്ല എന്ന് അദ്ദേഹം സഭയിൽ വ്യക്തമായി പറയുകയും ചെയ്തു. ദയവായി അത് മനസ്സിലാക്കി ഉൾക്കൊണ്ട് ഇരിക്കുകയല്ലേ വേണ്ടത്.

(മന്ത്രിയുടെ പരാമർശം പിൻവലിക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഡയസിനുമുന്നിൽവന്ന് ബഹളം വച്ചു)

മി. സ്പീക്കർ: നിങ്ങൾ അങ്ങനെ തീരുമാനിച്ചുവന്നതാണെങ്കിൽ അത് നടക്കും. ....(ബഹളം)...... അദിവാസി സമൂഹത്തോടുള്ള കൺസേൺ ആണെങ്കിൽ അദ്ദേഹം വളരെ വ്യക്തമായി അദ്ദേഹത്തിന്റെ ലക്ഷ്യം ഇവിടെ പറഞ്ഞുകഴിഞ്ഞു. അത് മനസ്സിലാക്കുകയാണ് വേണ്ടത്. .... എല്ലാം ഒന്നുതന്നെയല്ലേ......... പെറ്റീഷൻ നീക്കം ചെയ്യണമെന്നല്ലേ?

പ്രതിപക്ഷനേതാവ് (രമേശ് ചെന്നിത്തല): സർ, മന്ത്രിയുടെ പരാമർശം പിൻവലിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)